STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.167/PR/SPMC/PHQ/2022 Date:02.09.2022

## ഫിക്കി സ്മാർട്ട് പോലീസിംഗ് : കേരളാ പോലീസിന് അഞ്ച് അവാർഡ്

ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) നൽകുന്ന 2021 ലെ സ്മാർട്ട് പോലീസിംഗ് അവാർഡ് കേരള പോലീസിന്റെ അഞ്ച് വിഭാഗങ്ങൾക്ക് ലഭിച്ചു. സ്പെഷ്യൽ ജൂറി അവാർഡും കേരള പോലീസിനാണ്. ന്യൂഡെൽഹിൽ നടന്ന ചടങ്ങിൽ ആംഡ് പോലീസ് ബറ്റാലിയൻ ഡി.ഐ.ജി രാജ്പാൽ മീണ പുരസ്കാരങ്ങൾ സ്വീകരിച്ചു.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിഭാഗത്തിൽ ചിരി എന്ന ഓൺലൈൻ ഹെൽപ് ലൈൻ പദ്ധതിയ്ക്കാണ് സ്മാർട്ട് പോലീസിംഗ് അവാർഡ് ലഭിച്ചത്. മാനസികസംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് ടെലിഫോണിലൂടെ കൗൺസലിംഗ് നൽകുന്ന പദ്ധതിയാണ് ചിരി. കോവിഡ് കാലത്ത് നിരവധി കുട്ടികൾക്ക് ഓൺലൈൻ കൗൺസിലിംഗിലൂടെ ആശ്വാസം പകരാൻ ഈ പദ്ധതി മുഖേന കഴിഞ്ഞു.

കമ്മ്യൂണിറ്റി പോലീസിംഗ് വിഭാഗത്തിൽ കേരളാ പോലീസ് അസിസ്റ്റന്റ് എന്ന ചാറ്റ് ബോട്ട് സർവ്വീസും ദുരന്ത മേഖലകളിലെ അടിയന്തര ഇടപെടൽ വിഭാഗത്തിൽ ഇതിനായി പ്രത്യേകം രൂപീകരിച്ച ഡിസാസ്റ്റർ ആന്റ് എമർജൻസി റെസ്പോൺസ് സംവിധാനവും പരിശീലന വിഭാഗത്തിൽ മൈൻഡ്ഫുൾ ലൈഫ് മാനേജ്മെന്റും മറ്റ് പോലീസ് സംരംഭങ്ങൾ പരിഗണിച്ചതിൽ സെന്റർ ഫോർ എംപ്ലോയി എൻഹാൻസ്മെന്റ് ആന്റ് ഡെവലപ്മെന്റും അവാർഡിന് അർഹമായി.

കേരള പോലീസിന്റെ വിവിധ മേഖലകളിലെ ആശയനിർവ്വഹണ നേട്ടങ്ങൾ കണക്കിലെടുത്ത് സ്മാർട്ട് ഇന്നൊവേറ്റീവ് പോലീസിംഗ് എന്ന വിഭാഗത്തിൽ സ്പെഷ്യൽ ജൂറി അവാർഡും കേരളാ പോലീസിന് ലഭിച്ചു.

ഫോട്ടോക്യാപ്ഷൻ : ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) നൽകുന്ന സ്മാർട്ട് പോലീസിംഗ് അവാർഡ് ന്യൂഡെൽഹിയിൽ നടന്ന ചടങ്ങിൽ ആംഡ് പോലീസ് ബറ്റാലിയൻ ഡി.ഐ.ജി രാജ്പാൽ മീണ ഏറ്റുവാങ്ങുന്നു.

*******************